**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *12** **23.01.2018-ൽ മറുപടിക്ക്**

## രാഷ്ട്രീയ സംഘട്ടനങ്ങളും കൊലപാതകങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ഡോ. എം. കെ. മുനീർ<br>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. എം. ഉമ്മർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് രാഷ്ട്രീയ സംഘട്ടനങ്ങളും കൊലപാതകങ്ങളും വർദ്ധിച്ചു വരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കണക്ക് പരിശോധിക്കുമ്പോൾ 2015-ൽ 15 കൊലപാതകങ്ങൾ ഉണ്ടായിരുന്നതായും, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-ൽ 10 രാഷ്ട്രീയ കൊലപാതകങ്ങൾ ഉണ്ടായതായും 2017-ൽ അത് 5 ആയി കുറഞ്ഞതായുമാണ് കാണുന്നത്. (രാഷ്ട്രീയ സംഘട്ടനങ്ങളിൽ നേരിയ വർദ്ധനവുണ്ടായിട്ടുണ്ട്) |
| (ബി) രാഷ്ട്രീയ സംഘട്ടനങ്ങളും കൊലപാതകങ്ങളും തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) രാഷ്ട്രീയ കൊലപാതകങ്ങളും സംഘട്ടനങ്ങളും തടയുന്നതിലേക്കായി രഹസ്യാന്വേഷണ വിഭാഗത്തിന്റെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷൻ പരിധിയിലും ആവശ്യമായ ജാഗ്രത പുലർത്തുവാനും, എന്തെങ്കിലും അനിഷ്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കുവാനും, രാഷ്ട്രീയ അതിക്രമങ്ങൾ ഉണ്ടാകുവാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പോലീസ് പട്രോളിംഗും പോലീസ് പിക്കറ്റും ശക്തമാക്കുവാനും പോലീസിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, രാഷ്ട്രീയ സംഘർഷങ്ങൾ സംബന്ധിച്ച് എല്ലാ രാഷ്ട്രീയ പാർട്ടികളേയും വിളിച്ചു |

ചേർത്ത് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിലും പ്രാദേശിക തലത്തിലും, ഉഭയകക്ഷി ചർച്ചകളും, സർവ്വകക്ഷിയോഗങ്ങളും കൂട്ടുകയും രാഷ്ട്രീയ കൊലപാതകങ്ങളും, രാഷ്ട്രീയ സംഘർഷങ്ങളും ഭാവിയിൽ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുവാനും, സംഘർഷാവസ്ഥ നിലനിൽക്കുന്ന പ്രദേശങ്ങളിൽ ചർച്ചകളിലൂടെ പ്രശ്നം പരിഹരിക്കുവാനും വേണ്ട നിർദ്ദേശം നൽകാൻ എല്ലാ രാഷ്ട്രീയ പാർട്ടികളോടും അഭ്യർത്ഥിക്കുകയും അപ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് സംഘർഷമുണ്ടായ സമയത്തെല്ലാം സമാധാനം പുലർത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ നടത്തിയ ഇടപെടലുകൾക്ക് എല്ലാ രാഷ്ട്രീയ നേതൃത്വത്തിന്റെയും പിന്തുണയും യോജിച്ചുള്ള നടപടികളും ലഭിച്ചിട്ടുണ്ട്.

(സി) സാധാരണക്കാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും ക്രമസമാധാനം പാലിക്കാനും പോലീസ് സേന നിഷ്പക്ഷമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

(സി) പോലീസ് സേന നിഷ്പക്ഷമായി പ്രവർത്തിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ